LIBRARY ARCHIVES Kerala Legislative Assembly.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മാണത്തിനായി ധനസഹായം

292 (1000) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് വീട് നിർമ്മാണത്തിനായി ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എന്ത് തുകയാണ് ഒരാൾക്ക് നൽകി വരുന്നത് ; വിശദമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് എന്ത് തുകയാണ് നൽകിയിരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത തുക, ഗൃഹനിർമ്മാണം പൂർത്തീകരിക്കുന്നതിന് അപര്യാപ്തമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) എങ്കിൽ എന്ത് വർദ്ധന വരുത്താനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന ഭവന രഹിത പുനരധിവാസ പദ്ധതി പ്രകാരം ഭവനനിർമ്മാണ ധനസഹായമായി 3 ലക്ഷം രൂപ നൽകിവരുന്നു. 4 ഗഡുക്കളായിട്ടാണ് പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്നത്. (ഒന്നാം ഗഡു 15%, രണ്ടാം ഗഡു 30%, മൂന്നാം ഗഡു 40%, നാലാം ഗഡു 15%) ധനസഹായത്തിന്റെ ഒന്നാം ഗഡു അഡ്വാൻസായാണ് വിതരണം ചെയ്യുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു ലക്ഷം രൂപയാണ് ഭവനനിർമ്മാണ ധനസഹായമായി നൽകിവന്നിരുന്നത്.

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നൽകിവന്നിരുന്ന ഭവന നിർമ്മാണ ധനസഹായം അപര്യാപ്തമായതിനാൽ 2011 സെപ്റ്റംബറിൽ ആയത് 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരുന്നു. തുടർന്ന് 2014 ഒക്ടോബറിൽ ഭവനനിർമ്മാണ ധനസഹായം 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.